ജില്ലയിലെ ഡാമുകളുടെ ജലനിരപ്പ് ക്രമീകരണവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർ ശ്രീമതി. മൃൺമയി ജോഷി.ഐ.എ.എസ് ന്റെ അദ്ധ്യക്ഷതയിൽ 21.05.2021 ന് രാവിലെ 11.30 മണിക്ക് ഡാമുകളുടെ ചുമതല വഹിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമായി ഗൂഗിൾ മീറ്റ് വഴി നടത്തിയ മീറ്റിംഗിന്റെ മിനിറ്റ്സ്.

യോഗത്തിൽ താഴെ പറയുന്നവർ ഹാജരായിരുന്നു

1. ശ്രീമതി മൃൺമയി ജോഷി , ഐ എ എസ് ,ജില്ലാ കളക്ടർ

2. ശ്രീ. മെഹറലി.എൻ.എം, എ ഡി എം, പാലക്കാട്

2. ശ്രീ കൃഷ്ണകുമാർ, ജൂനിയർ സൂപ്രണ്ട് ജെ സെക്ഷൻ

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ മലമ്പുഴ/ചിറ്റൂർ/കാഞ്ഞിരപ്പുഴ ഡാമുകൾ

4. മറ്റ് ഡാമുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും

യോഗം 11.30 ന് ആരംഭിച്ചു

ജില്ലാ കളക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

മഴക്കാലം അടുത്ത സാഹചര്യത്തിൽ ജില്ലയിലെ എല്ലാ ഡാമുകളുടെയും ജലനിരപ്പിന്റെ നിജസ്ഥിതി അറിയുന്നതിനുവേണ്ടിയും, ഡാമുകളിലെ വെള്ളം ഒഴുക്കിവിടുന്ന കനാലുകളിലെ തടസ്സങ്ങൾ അടിയന്തിരമായി മാറ്റുന്നതിനുള്ള നടപടികൾ, ഡാമുകളിലെ ചെളി നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനാണ് യോഗം വിളിച്ചിട്ടുള്ളതെന്ന് ആമുഖമായി ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു.

മറ്റുജില്ലകളെ അപേക്ഷിച്ച് പാലക്കാട് മഴ കുറവാണ് എങ്കിലും മൺസൂൺ അടുത്തിരിക്കുന്നതിനാൽ ഡാമുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വേണമെന്നും സുരക്ഷ ഉറപ്പുവരുത്തേണ്ടതാണെന്നും എഡിഎം അറിയിച്ചു.

<u>മലമ്പുഴ</u>

മലമ്പുഴ ഡാമിന്റെ കാര്യത്തിൽ ആശങ്കപ്പെടാനില്ലെന്നും എല്ലാം സുരക്ഷിതമാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. വെള്ളം ഒഴുക്കിവിടുന്ന കനാലിൽ നിലംപതി പാലത്തിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റ് ഉണ്ടാക്കാൻ പറഞ്ഞിട്ടുണ്ടെന്നും രണ്ടുദിവസത്തിനുള്ളിൽ വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ഇ ഇ പറഞ്ഞു. കനാലിലെ തടസ്സങ്ങൾ മാറ്റാൻ 2 ആഴ്ച എടുക്കുമെന്നും ചെളി നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഇ ഇ അറിയിച്ചു.

മൺസൂൺ അടുത്തിരിക്കുന്നതിനാൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും അടിയന്തിരമായി ഫണ്ട് ലഭ്യമാക്കി എത്രയും വേഗം ടി പ്രവർത്തികൾ പൂർത്തിയാക്കേണ്ടതാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചു.

<u>മംഗലംഡാം</u>

മംഗലംഡാമിലെ ജലനിരപ്പ് സുരക്ഷിതമാണെന്നും മറ്റ് പ്രശ്നങ്ങൾ ഒന്നും ഇല്ല എന്നും ഇ ഇ അറിയിച്ചു. വെള്ളം വളരെ താഴ്ന്ന നിലയിലാണെന്നും ചെളി നീക്കം ചെയ്യൽ പുരോഗമിക്കുന്നുണ്ടെന്നും അറിയിച്ചു.

ചെളി നീക്കം ചെയ്യുന്ന പ്രവർത്തി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

<u>പോത്തുണ്ടി</u>

പോത്തുണ്ടി ഡാമിൽ ചെളി നീക്കം ചെയ്യൽ, കനാലിലെ തടസ്സങ്ങൾ നീക്കൽ എന്നിവ ആവശ്യമില്ലെന്നും വെള്ളത്തിന്റെ അളവ് നിയന്ത്രണത്തിലാണെന്നും ,ഡാമിന്റെ ഷട്ടറുകൾ പരിശോധിച്ച് കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, മറ്റ് പ്രശ്നങ്ങൾ ഒന്നും ഇല്ലെന്നും ഇ ഇ അറിയിച്ചു.

Scanned with CamScanner

__വാളയാർ__

വാളയാർ ഡാമിലെ ജലനിരപ്പ് സുരക്ഷിതമാണ്. മറ്റ് പ്രശ്നങ്ങൾ ഒന്നും ഇല്ല. ചെളി നീക്കം ചെയ്യൽ നടക്കുന്നുണ്ടെങ്കിലും മൺസൂൺ അതിനെ ബാധിക്കില്ലെന്നും ഇ ഇ അറിയിച്ചു.

__മീങ്കര & ചുള്ളിയാർ__

മീങ്കര ഡാമിൽ സ്പിൽവേ തുറക്കേണ്ട സാഹചര്യം ഇപ്പോൾ ഇല്ല. ആവശ്യം വന്നാൽ അധികജലം ചുള്ളിയാർ ഡാമിലേക്ക് ഒഴുക്കിവിടാവുന്നതാണ് എന്നും ഇ ഇ അറിയിച്ചു. ചുള്ളിയാർ ഡാമിലെ ജലനിരപ്പ് സുരക്ഷിതമാണ്.

മൂലത്തറ റെഗുലേറ്റർ ഉണ്ട്. അതിന്റെ ജോലികൾ കഴിഞ്ഞു. ഇപ്പോൾ എല്ലാം നിയന്ത്രണത്തിലാണെന്നും ഇ ഇ ചിറ്റൂർ അറിയിച്ചു.

__കാഞ്ഞിരപ്പുഴ__

കാഞ്ഞിരപ്പുഴ ഡാമിൽ ജലനിരപ്പ് കൂടുതൽ ആണ്. ആയത് ഒഴുക്കിവിടാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കനാലിലെ മണ്ണ് നീക്കം ചെയ്യാൻ അടിയന്തിരമായി നടപടി എടുക്കുന്നുണ്ട്. എമർജൻസി ആക്ഷൻ പ്ലാൻ കൈമാറിയിട്ടുണ്ട്. ആയത് എല്ലാ ബന്ധപ്പെട്ട വകുപ്പുകൾക്കും ഉടൻ ഒരു മീറ്റിംഗ് വിളിച്ച് അറിയിക്കുന്നതാണെന്നും ഇ ഇ അറിയിച്ചു.

സ്ഥിതിഗതികൾ കൃത്യമായി നിരീക്ഷിക്കണമെന്നും എന്തെങ്കിലും പ്രത്യേക സാഹചര്യമുണ്ടെങ്കിൽ ജില്ലാ കളക്ടറെയോ, എ ഡി എം നെയോ അറിയിക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

കാഞ്ഞിരപ്പുഴ ഡാം തുറന്ന് വിട്ടാൽ തൊട്ടടുത്ത ജില്ലയായ മലപ്പുറത്തെ വില്ലേജുകളിലൂടെയാണ് ജലം ഒഴുകുന്നതെന്നും ആയതിനാൽ മലപ്പുറത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൂടി വിവരങ്ങൾ അറിയിക്കണമെന്നും എ ഡി എം നിർദ്ദേശിച്ചു.

__ശിരുവാണി__

ശിരുവാണി ഡാമിൽ ഷട്ടർ ഇല്ല. ഡാം നിറഞ്ഞാലും ജനവാസ മേഖലയിലേക്കല്ല ജലം ഒഴുക്കിവിടുന്നത്. ആയതിനാൽ സുരക്ഷാഭീഷണി ഇല്ല. മറ്റ് പ്രശ്നങ്ങൾ ഒന്നും ഇല്ല എന്നും ഇ ഇ അറിയിച്ചു.

അതാത് ഇ ഇ മാർ സ്ഥിതിഗതികൾ കൃത്യമായി നിരീക്ഷിക്കണമെന്നും ആവശ്യമുള്ള നടപടികൾ അടിയന്തിരമായി എടുക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

വെള്ളിയാങ്കല്ല് റെഗുലേറ്റർ സംബന്ധിച്ച കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തണമെന്നും ജില്ലാ കലക്ടർ പറഞ്ഞു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് യോഗം 1 .15 ന് അവസാനിച്ചു.

**ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി**
**& ജില്ലാ കളക്ടർ, പാലക്കാട്**

സ്വീകർത്താവ്

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും

Scanned with CamScanner